**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1192** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിദിനം എത്ര മത്സ്യങ്ങൾ ലഭിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2022-23 വർഷത്തിലെ, കടൽ മത്സ്യോത്പാദനവും ഉൾനാടൻ മത്സ്യോത്പാദനവും ഉൾപ്പെടെ സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള പ്രതിദിന മത്സ്യോത്പാദനം അനുബന്ധമായി ചേർക്കുന്നു |
| (ബി) | നിത്യോപയോഗത്തിന് ശേഷം ബാക്കിയുള്ള മത്സ്യങ്ങളെ എന്ത് ചെയ്യുന്നുവെന്ന് അറിയിക്കാമോ; | (ബി) | ഒരു ദിവസം കേരളത്തിന് ആവശ്യമായ ശരാശരി മത്സ്യത്തിന്റെ അളവ് ഏകദേശം 2521 മെട്രിക് ടണ്ണാണ്. എന്നാൽ കയറ്റുമതിയ്ക്ക് ശേഷം ഒരു ദിവസം കേരളത്തിൽ ലഭ്യമാകുന്ന ശരാശരി മത്സ്യത്തിന്റെ അളവ് ഏകദേശം 1923 മെട്രിക് ടൺ മാത്രമാണ്. ആയതിനാൽ നിത്യോപയോഗത്തിനു ശേഷം മത്സ്യം ബാക്കി വരുന്നില്ല. |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് പ്രതിദിനം എത്ര മത്സ്യങ്ങൾ വരുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം 598 മെട്രിക് ടൺ മത്സ്യം കേരളത്തിലെത്തുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല. |
| (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ വരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഏത് തരത്തിൽ ബാധിക്കുന്നുവെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ പഠനം നടത്താൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ വരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ച പഠനം നടത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | പ്രതിദിന മത്സ്യ ഉത്പാദനം (മെട്രിക് ടണ്ണിൽ) (വർഷം - 2022-23) |
|---|---|---|
| 1 | തിരുവനന്തപുരം | 173 |
| 2 | കൊല്ലം | 427 |
| 3 | പത്തനംതിട്ട | 7 |
| 4 | ആലപ്പുഴ | 216 |
| 5 | കോട്ടയം | 139 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 672 |
| 8 | തൃശ്ശൂർ | 133 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 74 |
| 11 | കോഴിക്കോട് | 326 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 167 |
| 14 | കാസർഗോഡ് | 165 |
|  | ആകെ | **2521** |